21-02-2020

അടിസ്ഥാന പാഠാവലി-X

പത്രനീതി - 03

- മുൻ ക്ലാസിൽ ചർച്ച ചെയ്ത കാര്യങ്ങളും നൽകിയ തുടർ പ്രവർത്തനങ്ങളും ഓർമ്മപ്പെടുത്തി.
- പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബഹുമതികൾക്ക് ഒരു കറുത്ത നിഴലുണ്ട്. അത് ആദ്യകാലം മുതൽക്കു തന്നെ ഒഴിയാബാധ പോലെ അതിനെ പിന്തുടർന്നു കൊണ്ടേയിരിക്കുന്നു. ഈ വശം മറക്കരുത്.
  ലേഖനത്തിലെ ഈ ഭാഗം വായിച്ച് വിശദീകരിച്ചു.

  ■ പത്രങ്ങളെ കുറിച്ചുള്ള വിമർശനങ്ങളാണ് തുടർന്നുള്ള ഭാഗത്ത് വരുന്നത്.

  നീതിപൂർവമല്ലാത്തതും , പക്ഷം പിടിക്കുന്നതും , വെള്ളം ചേർക്കുന്നതും , മറച്ചുവെക്കുന്നതുമായ വാർത്തകൾ സംബന്ധിച്ച് പത്രങ്ങൾ വിമർശനങ്ങൾ നേരിടുന്നുണ്ട്.

- ഐറിഷ് കവിയായ ഓസ്കാർ വൈൽഡ് പത്രത്തെ കുറിച്ച് പറഞ്ഞ അഭിപ്രായം വായിച്ച് വിശദീകരിച്ചു.

  ■സാഹിത്യ കൃതികൾ വായിക്കാൻ കൊള്ളുന്നവയാണെന്നും എന്നാൽ, ആളുകൾ അത് വായിക്കുന്നില്ലെന്നും ആളുകളുടെ അരികിൽ എത്തുന്ന പത്രങ്ങളാകട്ടെ വായിക്കാൻ കൊള്ളാത്തവയാണെന്ന മാണ് ഓസ്കാർ വൈൽഡ് അഭിപ്രായപ്പെട്ടത്.

  ഒപ്പം, പത്രങ്ങൾ നിലനിൽക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോഴാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

  ■ സർക്കുലേഷൻ വർദ്ധിപ്പിക്കാനും വ്യൂവേർസിനെ കൂട്ടാനും വേണ്ടി ഗോസിപ്പ് വാർത്തകളും , ആളുകളുടെ സ്വകാര്യതയെ വെളിപ്പെടുത്തുന്ന വാർത്തകളും, ഇക്കിളി വാർത്തകളും നൽകുന്ന രീതി ഈ വഷളത്തരങ്ങൾക്ക് ഉദാഹരണമാണ്.

- നോർവീജിയൻ നാടകകൃത്തായ
  ഹെൻട്രിക് ഹിബ്സന്റെ പത്രവിമർശനങ്ങൾ വായിച്ച് വിശദീകരിച്ചു.

■മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും മേലെ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ എന്നാണ് അദ്ദേഹം പറഞ്ഞത്.

- പരീക്ഷണങ്ങൾക്കിടയിൽ അപകടങ്ങളോ മരണമോ തന്നെ സംഭവിച്ചേക്കാം. അതിനാൽ സാധാരണഗതിയിൽ ഗിനിപ്പന്നി പോലുള്ള മൃഗങ്ങളെയാണ് ശാസ്ത്ര പരീക്ഷണങ്ങൾക്ക് ഉപയോഗിക്കാറുള്ളത്.

എന്നാൽ പത്രപ്രവർത്തകരും രാഷ്ട്രീയപ്രവർത്തകരും പരീക്ഷണത്തിന്റെ ഭാഗമായി ഈ ഭൂമുഖത്തുനിന്ന് ഇല്ലാതായിപ്പോയാലും കുഴപ്പമില്ല എന്ന ധ്വനി അദ്ദേഹത്തിന് വാക്കുകളിലുണ്ട്.
ഒപ്പം മൃഗങ്ങളുടെ തൊലിക്കട്ടി മനസ്സിൽ ഉള്ളവരാണ് ഇത്തരക്കാർ എന്നുള്ള സൂചനയും ആ വാക്കുകളിൽ അടങ്ങിയിരിക്കുന്നു.

- " പത്രം അസത്യമാണെന്ന് അറിഞ്ഞു കൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായി തീരുമെന്ന വിചാരത്തിൽ ഇക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു . "

പത്രത്തിന്റെ നേരെയുള്ള ഈ വിമർശനവും വിശദീകരിച്ചു.

- അനുബന്ധമായി 'ഈവിൾ എയ്ഞ്ചൽസ് ' പുസ്തകത്തിന് ആധാരമായ ആയ സംഭവം വിശദീകരിച്ചു.
■മാധ്യമങ്ങളുടെ ഇടപെടലുകൾ മൂലം മകന്റെ തിരോധാനവുമായി ബന്ധപ്പെട്ട് നിരപരാധിയായ ഒരമ്മ ജയിൽ ശിക്ഷയ്ക്ക് വിധേയയാകുന്നതും പിന്നീട് അവർ നിരപരാധിയാണ് എന്ന് തെളിയിക്കപ്പെട്ടതുമായ സംഭവം.
എ ക്രൈ ഇൻ ദ ഡാർക്ക്
എന്ന സിനിമയ്ക്കും ഈ സംഭവം പ്രമേയമായി.

അസത്യം പല തവണ ആവർത്തിക്കപ്പെടുമ്പോൾ കേൾവിക്കാരിൽ ആ സംഗതി സത്യമാണെന്ന തോന്നൽ സൃഷ്ടിക്കപ്പെടുന്നു.

- പ്രളയകാലത്തും മഹാമാരിക്കാലത്തും രാത്രിയെയും പകലിനെയും അതിജീവിച്ച് ജോലി ചെയ്യുന്ന വിധം ആത്മാർത്ഥതയും കഴിവുമുള്ളവരാണ് മാധ്യമപ്രവർത്തകർ.എന്നാൽ അവരുടെ ഈ ആത്മാർത്ഥതയും നൈപുണിയും മോശം കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നു എന്നതാണ് മാധ്യമങ്ങൾക്ക് നേരെയുള്ള ഒരു വിമർശനം എന്ന് ചൂണ്ടിക്കാട്ടി.

- ഇംഗ്ലീഷ് എഴുത്തുകാരനായ സാമുവൽ ബട്ലർ പത്രത്തെ വിമർശിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ വിശദീകരിച്ചു.

■പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.

പത്രത്തിൽ വന്നതാണോ ? എങ്കിൽ അത് വിശ്വസിക്കേണ്ട !
എന്ന തരത്തിലേക്ക് പത്രങ്ങൾ അധ:പതിച്ചു എന്നാണ് പറഞ്ഞതിന്റെ അർത്ഥം.

- മാധ്യമങ്ങളെ കുറിച്ച് എഴുത്തുകാരനായ സക്കറിയ പറഞ്ഞത് ഓർമ്മപ്പെടുത്തി.

■ജനാധിപത്യത്തിന്റെ നാലാം തൂണാണ് മാധ്യമങ്ങൾ എന്ന് അവർ തന്നെ മറന്നിരിക്കുന്നു. അവർ ഭരണത്തിന്റെ സേവകരും വാലാട്ടികളുമായി മാറിയിരിക്കുന്നു.

- നവ മാധ്യമങ്ങളെ കുറിച്ച് മാധ്യമപ്രവർത്തകനായ
- എം പി ബഷീർ സംസാരിക്കുന്നതിന്റെ വീഡിയോ കാണിച്ചു.

ഇൻറർനെറ്റ് അധിഷ്ഠിതമായ മാധ്യമങ്ങളെയാണ് നവമാധ്യമങ്ങൾ അല്ലെങ്കിൽ ഫിഫ്ത് എസ്റ്റേറ്റ് എന്ന് വിളിക്കുന്നത്.

അച്ചടിമാധ്യമങ്ങൾ, റേഡിയോ, ടെലിവിഷൻ ഇവയെ അപേക്ഷിച്ച് തിരിച്ച് അങ്ങോട്ടേക്കും കമ്മ്യൂണിക്കേറ്റ് ചെയ്യാനുള്ള അവസരങ്ങൾ ജനങ്ങൾക്ക് ഉണ്ടായി എന്നതാണ് നവമാധ്യമങ്ങളുടെ വലിയ ഒരു പ്രത്യേകത.

റേഡിയോ ,പത്രങ്ങൾ, ടെലിവിഷൻ ഇവയുടെ ഒരു സമ്മേളനം സോഷ്യൽ മീഡിയയിൽ നടപ്പിലായി.

പരിശീലനം സിദ്ധിക്കാത്തവർക്കും മാധ്യമപ്രവർത്തനം നടത്താമെന്ന നിലയും സോഷ്യൽ മീഡിയയുടെ വരവോടെ ഉണ്ടായി.

വാർത്തകളുടെ വിനിമയം കൂടുതൽ ജനാധിപത്യ വൽക്കരിക്കപ്പെടുകയും സെൻസറിംഗ് ഇല്ലാതാവുകയും ചെയ്തു എന്നത് ഗുണപരമായ മാറ്റമാണ്.

സോഷ്യൽ മീഡിയയിൽ ഭിന്ന അഭിപ്രായങ്ങൾ കേൾക്കാമെന്ന അവസ്ഥ ഉണ്ടാവുകയും ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് പരിഗണന ലഭിക്കുകയും ചെയ്തു.

അൽഗോരിതത്തിന്റെ ഭാഗമായി നമ്മുടെ താൽപര്യങ്ങൾക്കനുസരിച്ച വാർത്തകളാണ് നമ്മളിലേക്ക് എത്താൻ സാധ്യതയുള്ളത് എന്ന ഒരു ദോഷമാണ് സോഷ്യൽ മീഡിയക്ക് ഉള്ളത്.

- ലേഖനത്തിന്റെ തുടർഭാഗം വിശദീകരിച്ചു.
  വൈയക്തികമായ ചില കാര്യങ്ങൾ കൂടി ലേഖകൻ ഈ ഭാഗത്ത് പറയുന്നുണ്ട് .
  പത്രവായന നാം തുടരുന്നത് പുകവലി പോലെ അതൊരു ദുശ്ശീലമായതുകൊണ്ടാണ്.
  ചെറുപ്പകാലം മുതൽ വായിച്ച പത്രം തന്നെ താൻ ഇപ്പോഴും വായിച്ചുകൊണ്ടിരിക്കുന്നു. അത് ശീലം മാറ്റാൻ കഴിയാത്തതുകൊണ്ടാണ്.
  ആദ്യകാല സ്വഭാവത്തിൽ നിന്നും പത്രങ്ങൾ എത്രയോ മാറിപ്പോയതായി തിരിച്ചറിയുന്നു.
  നല്ല പത്രം വായിക്കണം എന്ന് വിചാരിച്ച് ചീത്തപത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു. എല്ലാ പത്രങ്ങളും ചീത്തയാക്കപ്പെട്ടു എന്നതിന്റെ സൂചന ഈ വാക്കുകളിൽ ഉണ്ട് .
  സത്യവും യാഥാർത്ഥ്യവും കണ്ടുപിടിക്കാൻ , പല പത്രങ്ങൾ വായിക്കുകയും ഗുണിച്ചും ഹരിച്ചും ഊഹിച്ചും ഭാവനചെയ്തും ഒരു തീരുമാനത്തിൽ എത്തുകയും ചെയ്യേണ്ടുന്ന അവസ്ഥ ഇന്ന് വായനക്കാരന് ഉണ്ട് .
- പാഠഭാഗത്ത് ഉൾപ്പെടുത്താത്ത , ലേഖനത്തിന്റെ തുടർഭാഗത്ത് പത്രം വരുത്തുന്ന ചില തെറ്റുകളെ കുറിച്ചും അക്ഷരപിഴവുകളെ കുറിച്ചു മാണ് പറയുന്നതെന്ന് വിശദീകരിച്ചു.
- പാഠഭാഗത്തിന് അനുബന്ധമായി നൽകിയ തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. (മൂന്ന് തുടർ പ്രവർത്തനങ്ങൾ )
  ആ തുടർ പ്രവർത്തനങ്ങൾ ചെയ്യാൻ നിർദേശിച്ചു.

- എഡിറ്റോറിയൽ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ വിശദീകരിച്ചു. (പത്രധർമ്മം എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക എന്ന എന്ന പ്രവർത്തനത്തെ അടിസ്ഥാനപ്പെടുത്തി )

■ഏതെങ്കിലും വിഷയം സംബന്ധിച്ചോ സംഭവങ്ങൾ സംബന്ധിച്ചോ പത്രത്തിനുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും പ്രകടിപ്പിച്ചുകൊണ്ട് പത്രാധിപർ എഴുതുന്ന ലേഖനമാണ് എഡിറ്റോറിയൽ (മുഖപ്രസംഗം)

■തലവാചകം
■വിഷയ സൂചന

■ വിഷയ വിശകലനം

■നിഷ്പക്ഷമായ വിലയിരുത്തൽ

■സ്വന്തം അഭിപ്രായങ്ങൾ ജനപക്ഷത്തു നിന്നുകൊണ്ട് വ്യക്തമാക്കൽ

■ആഹ്വാനം, പ്രതീക്ഷ, ആശംസ, താക്കീത് എന്നിവയിലൂടെയുള്ള അവസാനം .

■വസ്തുനിഷ്ഠഭാഷ.

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം